(ഡി) ഫാമുകളിൽ തൊഴിലാളികൾ റിട്ടയർ ചെയ്തുപോകുമ്പോഴും മറ്റു വിധത്തിൽ ഒഴിവുകൾ ഉണ്ടാകുമ്പോഴും പകരം തൊഴിലാളികളെ നിയമിക്കാതിരിക്കാനുള്ള കാരണം എന്താണ് ;

(ഇ) ഗവൺമെന്റ് ഫാമുകളുടെ സ്ഥലം മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഫാമുകളാണ് കൈമാറുന്നതിന് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) നെല്ലിയാംപതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നിർത്തലാക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവിടെ ഏതുവിധത്തിലുള്ള വികസന പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 61 ഫാമുകൾ. ഓരോ ഫാമിന്റെയും ഭൂമിയുടെ വിസ്തീർണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇതിൽ 10 സ്പെഷ്യൽ ഫാമുകൾ ഡിപ്പാർട്ടുമെന്റിന്റെ പൂർണ്ണനിയന്ത്രണത്തിലും മറ്റു ഫാമുകൾ അതത് ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഫാമുകളിലെ തൊഴിലാളികളെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന സർക്കാർ അനുമതിയോടെയാണ്. ഇതു സംബന്ധിച്ച കൃഷി ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) ഉണ്ട്. കൊട്ടാരക്കര കാഷ്യൂ ഫാമിൽ നിന്നും 1.10 ഹെക്ടർ സ്ഥലം എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടി ഐ. എച്ച്. ആർ. ഡി-ക്ക് കൈമാറുന്നതിന് തീരുമാനമായിട്ടുണ്ട്.

(എഫ്) ഇല്ല.

കാർഷികവികസന സമിതികൾ

94 (1889) ശ്രീ. സി. റ്റി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികവികസന സമിതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷിക വികസന സമിതികൾ കൃത്യമായി യോഗം ചേരാറുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) കാർഷിക വികസന സമിതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 138/02/എ.ഡി തീയതി 18-7-2002, സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 152/02/എ.ഡി തീയതി 5-8-2002 സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 228/02/എ.ഡി തീയതി 5-12-2002 പ്രകാരം പ്രവർത്തിച്ചുവരുന്നു.

(സി&ഡി) കാർഷിക വികസന സമിതികൾ കൃത്യമായി യോഗം ചേരാറില്ല എന്നത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതേക്കുറിച്ച് പരിശോധിക്കുന്നതാണ്.

(ഇ) 1. പഞ്ചായത്തിന്റെ കാർഷികവികസന പ്ലാനും പ്രോജക്ടും തയ്യാറാക്കുക.

2. കൃഷിക്കാരുടേയും അവർ അനുവർത്തിക്കുന്ന കാർഷിക വൃത്തികളുടെയും സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക.

3. വിവിധ പദ്ധതികളും അതിന്റെ ഉപഭോക്താക്കളെയും തെരഞ്ഞെടുക്കുക.

4. പഞ്ചായത്തിൽ നടപ്പാക്കാനുള്ള വിവിധ പദ്ധതിയിൽ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസന ജോലികൾ (ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വർക്സ്) നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം തെരഞ്ഞെടുക്കുക.

5. പഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളുടെ അവലോകനവും വിലയിരുത്തലും നടത്തുക.

കൃഷിഭവനുകൾ

95 (1890) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കൃഷിഭവനുകൾ ഉണ്ട് ; ഇവയോട് ചേർന്ന് ഏതെങ്കിലും കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത കമ്മറ്റിയുടെ കടമ എന്ത് ; ഇവ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly